**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1869** **05-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരങ്ങൾ നടന്ന മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയം നവീകരിക്കുമെന്ന് ജേതാക്കളെ അനുമോദിക്കുന്ന ചടങ്ങിൽ സംസ്ഥാന മന്ത്രിമാർ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് മന്ത്രിമാർ പ്രഖ്യാപിച്ചതെന്ന് അറിയിക്കുമോ; ഇതിനായി എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ട്; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ 2022 ഏപ്രിൽ മാസത്തിൽ നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ പയ്യനാട് സ്റ്റേഡിയത്തിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ 2022 ഏപ്രിൽ മാസത്തിൽ നടന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.** |
| (സി) | സന്തോഷ് ട്രോഫി മത്സരങ്ങൾക്ക് ശേഷം സ്റ്റേഡിയം വേണ്ട രീതിയിൽ പരിപാലിക്കാത്തതിനാൽ കാടുകയറി നശിക്കുകയാണെന്ന വസ്തുത കണക്കിലെടുത്ത് സ്റ്റേഡിയം നവീകരണത്തിനും പരിപാലനത്തിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | **ടി സ്റ്റേഡിയത്തിൽ പടർന്ന് പിടിച്ചിരിക്കുന്ന കള പറിക്കുന്നതിനും പുല്ല് വെട്ടുന്നതിനും വേണ്ട നടപടികൾ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ